പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1735 | 06.07.2015-ൽ മറുപടിക്ക്.

## കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജില്ലാ കോടതികൾ ഉൾപ്പെടെ സംസ്ഥാനത്തെ കോടതികളിൽ എത്ര കേസ്സുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | : | (എ) 31.03.2015 ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ 1,47,866 കേസ്സുകളും, കീഴ് കോടതികളിൽ 13,27,828 കേസുകളും തീർപ്പാക്കാതെ കെട്ടികിടപ്പുണ്ട്. |
| (ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | : | (ബി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടികിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടു വരുന്നതിനുള്ള നടപടി കൈകൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതി നടപ്പിലാക്കി വരുന്നുണ്ട്. കാലപഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താല്ക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടികിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസ്സുകൾ കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഇവയ്ക്കെല്ലാം പുറമെ KELSA യുടെയും, ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചു വരുന്നു. |

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

: (സി) 19.09.2014 ലെ സർക്കാർ ഉത്തരവ് നമ്പർ ജിഒ (പി) നമ്പർ 400/2014/ധന പ്രകാരം 31.03.2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

Hema.V

സെക്ഷൻ ഓഫീസർ